" ഭരണഭാഷ - മാതൃഭാഷ "

എഫ്2/21102/2018

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി: 26/08/2019
Ph: 0471- 2305042
Email: fisheriesdirector@gmail.com

## സർക്കുലർ നമ്പർ 02/2019

വിഷയം:- ഫിഷറീസ് -സഹകരണം- സഹകരണ സ്ഥാപനങ്ങൾ സ്ഥലം/ കെട്ടിടം എന്നിവ വാങ്ങുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 04/05/2018 ലെ 26/2018, 15/02/2019 ലെ 7/19 നമ്പർ സർക്കുലറുകൾ.

*******

പ്രാഥമിക ഫിഷറീസ് സഹകരണ സംഘങ്ങൾ സ്ഥലം/ കെട്ടിടം വാങ്ങുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംഘം സ്ഥാവര വസ്തുക്കൾ വാങ്ങുന്നതിന് വകുപ്പിന്റെ മുൻകൂർ അനുമതി നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്.
2) സംഘത്തിന്റെ പ്രവർത്തന മേഖലയിൽ പ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിൽ സംഘത്തിന്റെ പേര്, സ്ഥാവര വസ്തു ആർജിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശം, വസ്തുവിന്റെ അളവ് എന്നിവ അടങ്ങിയ പത്രപരസ്യം നൽകേണ്ടതാണ്.
3) സംഘത്തിന്റെ ദൈനംദിന വ്യാപാരത്തെ ഒരു വിധത്തിലും ബാധിക്കാത്ത വിധത്തിലാകണം സ്ഥാവര വസ്തുക്കൾ വാങ്ങേണ്ടത്. ഇപ്രകാരം സ്ഥാവര വസ്തുക്കൾ വാങ്ങുന്നതിന് ചെലവഴിക്കുന്ന തുക 10/20 വർഷ കാലയളവിനുള്ളിൽ തുല്യ വാർഷിക ഗഡുക്കളായി തിരികെ സ്വരൂപിക്കേണ്ടതാണ്.
4) സ്ഥലം വാങ്ങുന്ന സാഹചര്യത്തിൽ വില നിർണ്ണയിക്കേണ്ടത് ബന്ധപ്പെട്ട തഹസീൽദാർ നൽകുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റിന്റെയോ, സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർവാല്യൂവിന്റെയോ, ബന്ധപ്പെട്ട സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3 കിലോമീറ്റർ ചുറ്റളവിനുള്ളിൽ 3 വർഷത്തിനുള്ളിൽ നടത്തിയിട്ടുള്ള സമാന സ്വഭാവമുള്ള ഭൂമി കൈമാറ്റങ്ങളിലെ ശരാശരി വിലയോ ഏതാണോ കൂടുതൽ അതായിരിക്കണം.
5) കെട്ടിടത്തിന്റെ വാല്യൂവേഷൻ പൊതുമരാമത്ത് (കെട്ടിട നിർമ്മാണ വിഭാഗം) വകുപ്പിനെക്കൊണ്ട് നിർവ്വഹിക്കേണ്ടതാണ്.

6) ഈ മാർഗ്ഗ നിർദ്ദേശങ്ങളെ വ്യതിചലിച്ച് സഹകരണ സ്ഥാപനത്തിന് നഷ്ടമുണ്ടാകുന്ന രീതിയിൽ നിർജ്ജീവ ആസ്തിയിൽ നിക്ഷേപിക്കുവാൻ തീരുമാനം എടുക്കുന്ന കമ്മിറ്റിയംഗങ്ങൾ ആയതിന്റെ നഷ്ടത്തിൽ വ്യക്തി പരമായ ഉത്തരവാദികൾ ആകുന്നതായിരിക്കും.

മേഖലാ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർമാരായ മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ പ്രാഥമിക ഫിഷറീസ് സഹകരണ സംഘം സ്ഥലം/ കെട്ടിടം വാങ്ങുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളും രേഖകളും പരിശോധിച്ച് മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് കർശനമായും ഉറപ്പു വരുത്തേണ്ടതും സംഘം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ഒരു മാസത്തിനകം തീരുമാനം എടുക്കേണ്ടതുമാണ്.

ഒപ്പ്/-
ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
ഫിഷറീസ് ഡയറക്ടർ

അംഗീകാരത്തോടെ

ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ

പകർപ്പ്:

1) എല്ലാ ജോയിന്റ് ഡയറക്ടർമാരും.
2) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാരും
3) സ്റ്റോക്ക് ഫയൽ / സ്പെയർ.

ഫിഷറീസ് ജോയിന്റ് ഡയറക്ടർ,
ദക്ഷിണ മേഖല, തിരുവനന്തപുരം

ചുവടെ ചേർക്കുന്ന നമ്പർ : ഫെഡ്3/2015/19 തീ: 19/19

സർക്കുലറിന്റെ പകർപ്പ് തിരുവനന്തപുരം ജില്ലയിലെ എല്ലാ സഹകരണവിഭാഗം യൂണിറ്റ് ഇൻസ്പെക്ടർമാർക്കും അറിവിലേക്കായി നൽകുന്നു.

ജികെ. 16.8.19

DESPATCHED 19/9/19

ഡെ. ര. സഹകരണസംഘം രജിസ്ട്രാർ
ഡെ. ര. ജോയിന്റ് ഡയറക്ടർ (ഫി:ദ)
തിരുവനന്തപുരം.